"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജിസിഡിഎ- ജീവനക്കാര്യം- ശ്രീ.ശ്രീജിത്ത്.കെ.എസ്.-ന് (S/oകെ.ജി.ശിവദാസ്(Late), അറ്റൻഡർ, ജിസിഡിഎ) - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ(കൈ)നം.91/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/06/2020

---

പരാമർശം:- 1 24.05.1999-ലെ സ.ഉ.(അച്ചടി) നം.12/99/ഉ.ഭ.പ.വ

2 24.07.2004-ലെ സ.ഉ.(കൈ)നം.243/04/ത.സ്വ.ഭ.വ

3 21/08/2018-ലെ സ.ഉ.(കൈ)നം.5/2018/ഉ.ഭ.പ.വ.

4 ശ്രീ. ശ്രീജിത്ത്.കെ.എസ് സമർപ്പിച്ച 22.06.2019 ലെ അപേക്ഷ.

5 എറണാകുളം ജില്ലാ കളക്ടറുടെ 19.11.2019 ലെ ഇ5-276202/19 നമ്പർ കത്ത്.

6 ജിസിഡിഎ സെക്രട്ടറിയുടെ 13.01.2020-ലെ 4998/എസ്റ്റാ.2/2019/ജിസിഡിഎ നമ്പർ കത്ത്.

ഉത്തരവ്

വിശാല കൊച്ചി വികസന അതോറിറ്റിയിൽ അറ്റൻഡറായി സേവനമനുഷ്ഠിക്കവെ മരണപ്പെട്ട കെ.ജി. ശിവദാസിന്റെ മകനായ ശ്രീ.ശ്രീജിത്ത് കെ.എസ്. (കാവിളാകത്ത് വീട്, മുടവൂർ.പി.ഒ., മൂവാറ്റുപുഴ, എറണാകുളം) സർക്കാർ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനായി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെ ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) വിശാല കൊച്ചി വികസന അതോറിറ്റിയിൽ അറ്റൻഡറായ ശ്രീ.കെ.ജി.ശിവദാസ് 16/03/2014-ൽ മരണപ്പെടുകയുണ്ടായി. ടിയാന്റെ ജനനതീയതി 20/05/1967 ആണ്. 26/04/1997-ൽ അറ്റൻഡറായി ജോലിയിൽ പ്രവേശിച്ച ടിയാന്റെ സേവനകാലം 16 വർഷവും, 10 മാസവും, 21 ദിവസവുമാണ്. മൂവാറ്റുപുഴ തഹസിൽദാരുടെ സാക്ഷ്യപത്ര പ്രകാരം പരേതന്റെ അനന്തരാവകാശികൾ ശ്രീമതി.ഗീതാമോഹൻ(ഭാര്യ), ശ്രീ.ശ്രീജിത്ത്.കെ.എസ്.(മകൻ), ശ്രീമതി. ലക്ഷ്മിക്കുട്ടിയമ്മ(മാതാവ്) എന്നിവരാണ്. ആയതിൽ മാതാവായ ലക്ഷ്മിക്കുട്ടിയമ്മ 1/11/2016-ൽ മരണപ്പെടുകയുണ്ടായി. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള മറ്റുള്ളവർ സമാശ്വാസ തൊഴിൽദാന പദ്ധതി

പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അവകാശം ഒഴിയുകയും ഇക്കാര്യത്തിൽ യാതൊരു വിധ തർക്കങ്ങളും ഉന്നയിക്കുന്നതല്ലെന്നും അറിയിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം നല്കിയിട്ടുണ്ട്. വെള്ളൂർക്കുന്നം വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം ₹ 4,50,876/- (നാല് ലക്ഷത്തി അൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തി ആറ് രൂപ മാത്രം ) ആണ്.

3) അപേക്ഷകന്റെ ജനനതീയതി 28/02/2001 ആണ്. അതുപ്രകാരം അപേക്ഷകന് 19 വയസ്സ് പൂർത്തിയായിട്ടുണ്ട്.അപേക്ഷകൻ എസ്.എസ്.എൽ.സി., പ്ലസ് ടു എന്നീ പരീക്ഷകൾ പാസ്സാവുകയും അതിൻപ്രകാരം ടിയാൻ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതരിൽ മറ്റാരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപേക്ഷകനായ ശ്രീ.ശ്രീജിത്ത് കെ.എസ്-ന് ശ്രീജിത്തിന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകുന്നതിന് ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

4) എറണാകുളം ജില്ലാ കളക്ടർ പരാമർശം(5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർ ആരും തന്നെ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും, 24/05/1999-ലെ സ.ഉ.(പി)നം.12/1999/പി&എആർഡി, 12/04/2010-ലെ സ.ഉ.(പി)നം.14/2010/പി&എആർഡി എന്നിവയിലെ നിബന്ധനകൾ പ്രകാരം അപേക്ഷകന് അർഹതയുണ്ടെന്ന് അറിയിക്കുകയും, നിയമനം നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാല കൊച്ചി വികസന അതോറിറ്റിയിൽ അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവേ 16/03/2014-ൽ മരണപ്പെട്ട ശ്രീ.കെ.ജി.ശിവദാസ്-ന്റെ മകനായ ശ്രീ.ശ്രീജിത്ത് കെ.എസ്-ന്, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികതയും ടിയാന്റെ സ്വഭാവം, പൂർവ്വചരിത്രം എന്നിവയും പരിശോധിച്ച് പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മറ്റ് നടപടിക്രമങ്ങൾ

പാലിച്ച് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചതായോ, മറച്ചു വച്ചതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ നിയമനാനുമതി നല്കിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തുകയോ ചെയ്താൽ ടി നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

7) ശ്രീ.ശ്രീജിത്ത് കെ.എസ്-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയ വിവരം പരേതനായ കെ.ജി.ശിവദാസിന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കേണ്ടതും ,ആയത് ഓഫീസ്/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി , എറണാകുളം.
ശ്രീ.ശ്രീജിത്ത്.കെ.എസ്, കാവിളാകത്ത് വീട്, മുടവൂർ പി.ഒ, മൂവാറ്റുപുഴ,എറണാകുളം -686669
**(രജിസ്റ്റേഡ് തപാൽ മുഖേന - A/D സഹിതം)**
ജില്ലാ കളക്ടർ. എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ